ഉത്തരം

(എ) (സി) കണ്ണൂർ ജില്ലയിലെ പട്ടുവം ഐ. എച്ച്. ആർ. ഡി. കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് കൈമാറ്റം ചെയ്യുവാൻ അപേക്ഷിച്ച മിച്ചഭൂമിക്ക് കമ്പോള വില നൽകുവാൻ തയ്യാറാകാത്തതിനാൽ അപേക്ഷ നിരസിച്ചിട്ടുണ്ട്.

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് വക സ്ഥലത്തെ കയ്യേറ്റം

114 [1337] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലം അതിർത്തി തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ പരിസരവാസികൾ കൈയേറിയിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര ഹെക്ടർ ഭൂമി ആരൊക്കെ കൈയേറിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരൊക്കെ എത്ര സ്ഥലം കൈയേറിയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാട്ടത്തിന് ലഭിച്ചതും കയ്യേറിയതുമായ ഭൂമി വിൽക്കാനുള്ള തീരുമാനം

115 [1338] ശ്രീ. കെ. കെ. ജയചന്ദ്രൻ:

,, ടി. കെ. ദേവകുമാർ:

,, രാജു എബ്രഹാം:

,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ പാട്ടത്തിന് നൽകിയ ഭൂമിയും അനധികൃതമായി കൈവശപ്പെടുത്തിയ ഭൂമിയും അടക്കം ഒരു ലക്ഷത്തിലേറെ ഏക്കർ സർക്കാർ ഭൂമി ടാറ്റാ കമ്പനി വിൽക്കാൻ തീരുമാനിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി വിൽക്കുന്നത് റവന്യൂ വകുപ്പിന്റെ അനുമതിയോടുകൂടിയാണോ;

(സി) സർക്കാർ കണക്കു പ്രകാരം പാട്ട വ്യവസ്ഥ അനുസരിച്ച് എത്ര ഏക്കർ ഭൂമിയാണ് ടാറ്റാ കമ്പനിക്ക് നൽകിയിട്ടുള്ളതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് സർക്കാർ ഭൂമി ടാറ്റാ കമ്പനിക്ക് പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് പറയാമോ ;

(ഇ) പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ച് സർക്കാർ ഭൂമി വിൽക്കാൻ തീരുമാനിച്ച ടാറ്റാ കമ്പനിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(എഫ്) പാട്ടവ്യവസ്ഥ കർശനമായി ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ ടാറ്റാ കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ തയ്യാറാവുമോ?

ഉത്തരം

(എ)ł(എഫ്) വിവരം ശേഖരിച്ചുവരുന്നു

പീരുമേട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭൂമി

116 [1039] ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പീരുമേട് വില്ലേജിലെ ഭൂമി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വകുപ്പിന് കൈമാറുന്നതിന് പ്രസ്തുത വകുപ്പ് 2003 സെപ്റ്റംബറിൽ ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷയിൽ എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 2003-സെപ്റ്റംബറിൽ നൽകിയ അപേക്ഷയിൻമേൽ എന്തുകൊണ്ടാണ് ഇതുവരെയായി നടപടികൾ പൂർത്തിയാക്കാത്തതെന്ന് വ്യക്തമാക്കുമോ ;

(സി) പീരുമേട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു ആവശ്യമായ സ്ഥലം അടിയന്തിരമായി വകുപ്പിന് കൈമാറുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുമോ ;

(ഡി) സ്ഥലം കൈമാറി ഉത്തരവായിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) പീരുമേട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ഭൂമി കൈമാറ്റ നിർദ്ദേശം 18-2-2005-ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് ലഭിക്കുകയുണ്ടായി, നിർദ്ദേശത്തോടൊപ്പം ലഭിച്ച അപേക്ഷ ഫോട്ടോസ്റ്റാറ്റ് പകർപ്പാണ്. ഒറിജിനൽ അപേക്ഷ നൽകണമെന്ന് ഫയർഫോഴ്സ് കമാൻഡന്റ് ജനറലിനെ അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമായാൽ ഉടനെ ഭൂമി കൈമാറ്റത്തിന് വേണ്ട നടപടി എടുക്കുന്നതാണ്.

(ബി) കൈമാറേണ്ട വസ്തുവിന്റെ സർവ്വേ നമ്പരിൽ വന്ന പിശക് കാരണമാണ് കാലതാമസം നേരിട്ടുള്ളത്.

(സി) ഫയർഫോഴ്സ് വകുപ്പിന് അടിയന്തിരമായി ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സ്ഥലം കൈമാറി ഉത്തരവായിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly